## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1486     13/06/2014 ൽ മറുപടിയ്ക്ക്

### നാളികേര കൃഷിയുടെ പുനരുദ്ധാരണം

ചോദ്യം

ശ്രീ. എ.കെ. ബാലൻ
,, എം. ചന്ദ്രൻ
ശ്രീമതി. കെ.കെ. ലതിക
ശ്രീ. കെ.കെ. നാരായണൻ

മറുപടി

**ശ്രീ . കെ.പി.മോഹനൻ**
**(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

എ) നാളികേര ഉല്പാദനത്തിൽ ഇടിവ് സംഭവിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

എ) ഉണ്ട്.

നാളികേര ഉല്പാദനത്തിൽ കാര്യമായ ഇടിവ് ഉണ്ടായിട്ടില്ല. സംസ്ഥാനത്തെ നാളികേര കൃഷിയുടെ വിസ്തൃതി. ഉൽപ്പാദനം. ഉൽപ്പാദന ക്ഷമത എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിസ്തൃതി (ഹെക്ടർ) | ഉൽപ്പാദനം (കോടി) | ഉൽപ്പാദന ക്ഷമത (തേങ്ങ/ ഹെ./ വർഷത്തിൽ 175 തെങ്ങിന് |
|---|---|---|---|
| 2010-11 | 770473 | 528.7 | 6862 |
| 2011-12 | 820867 | 594.1 | 7237 |
| 2012-13 | 798162 | 579.9 | 7265 |
| 2013-14 (എസ്റ്റിമേറ്റ്) | 815035 | 597.2 | 7327 |

ബി) നാളികേര കൃഷിയും ഉല്പാദനവും ക്രമേണ കുറഞ്ഞു വരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

ബി) ഉണ്ട്.

കേരളത്തിലെ നാളികേര കൃഷിയും. ഉൽപ്പാദനവും ക്രമേണ കുറഞ്ഞു വരുന്നതിന്റെ കാരണങ്ങൾ ചുവടെ ചേർക്കുന്നു.

- പ്രായാധിക്യം ചെന്ന തെങ്ങുകളുടെ എണ്ണത്തിലുള്ള വർദ്ധന.
- രോഗകീട ബാധമൂലമുള്ള ഉൽപ്പാദന കുറവ്.
- തെങ്ങിൻ തോട്ടങ്ങളുടെ ശാസ്ത്രീയ കൃഷി പരിപാലനത്തിലുള്ള ശ്രദ്ധയില്ലായ്മ .
- തെങ്ങ്കയറ്റ തൊഴിലാളികളുടെ ലഭ്യതക്കുറവ്.
- ഉയർന്ന കൃഷി ചെലവ്.
- തേങ്ങയുടെ വിലയിടിവ്.

| | | | |
|---|---|---|---|
| (സി) | കൃഷിയുടെ പുനരുദ്ധാരണത്തിന് കഴിഞ്ഞ കാലങ്ങളിൽ ആവിഷ്ക്കരിച്ച് നടപ്പാക്കിയ പദ്ധതികൾ ലക്ഷ്യ പ്രാപ്തിയിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | സി) | ഉണ്ട്. |
| (ഡി) | പോരായ്മകൾ പരിഹരിച്ച് മേഖലയിൽ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) | ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ